(സി) ഈ കാലയളവിൽ ഐ.എ.എസ്. ഉദ്യോഗസ്ഥർ ആരുംതന്നെ രാജിവച്ചോ വോളണ്ടറി റിട്ടയർമെന്റ് വാങ്ങിയോ സർവ്വീസ് അവസാനിപ്പിച്ചിട്ടില്ല.

ഐ.പി.എസ്.-ൽ ശ്രീ. പി. ചന്ദ്രശേഖരൻ ഐ.പി.എസ്. (KL:1983) വോളണ്ടറി റിട്ടയർമെന്റ് എടുത്തും ശ്രീ. ദീപക് രഞ്ജൻ ഐ.പി.എസ്. (KL:2009), ശ്രീ. ധീരജ് കുമാർ ഗുപ്ത ഐ.പി.എസ്. (KL:2010) എന്നിവർ 'technical resignation' വഴിയും ശ്രീ. വിനോദ് തോമസ് ഐ.പി.എസ്. (KL:1993), ശ്രീ. സുനിൽ അസ്താനി ഐ.പി.എസ്. (KL:1999) എന്നിവർ 'Deemed Resignation' വഴിയും സർവ്വീസ് അവസാനിപ്പിക്കുകയുണ്ടായി.

വിജിലൻസ് കേസ്സുകളിൽ പ്രതികളായ ഉദ്യോഗസ്ഥന്മാർ

23 (27) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥന്മാരിൽ എത്രപേർ വിജിലൻസ് കേസ്സുകളിൽ പ്രതികളായി നടപടി നേരിടുന്നുവെന്ന് വ്യക്തമാക്കുമോ; ഇതിൽ 2011 മേയ് മാസത്തിനുശേഷം പ്രതികളാക്കപ്പെട്ടവരുടെ പ്രത്യേകം കണക്കുകൾ ലഭ്യമാക്കാമോ ;

ഉത്തരം

14 പേർ. വിശദാംശം അനുബന്ധമായി ചേർക്കുന്നു.* ഇവരിൽ ശ്രീ. എസ്. ശ്രീജിത്ത് ഐ.പി.എസ്., ശ്രീ. ടോമിൻ ജെ. തച്ചങ്കരി ഐ.പി.എസ്., ശ്രീ. ജിജി തോംസൺ ഐ.എ.എസ്., ശ്രീ. ശശിധരൻ ഐ.എഫ്.എസ്., ഡോ. അമിത്ത് മാലിക്ക് ഐ.എഫ്.എസ്. എന്നിവർ ഒഴികെയുള്ളവരെല്ലാം 2011 മേയ് മാസത്തിനു ശേഷം പ്രതി ചേർക്കപ്പെട്ട ഉദ്യോഗസ്ഥരാണ്.

ജില്ലകളിൽ ഐ.എ.എസ്. അക്കാദമി

24 (28) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് ഐ. എ. എസ് . അക്കാദമി ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഐ. എ. എസ്. അക്കാദമി ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വയനാട് ജില്ലാആസ്ഥാനമായ കൽപ്പറ്റയിൽ ഐ. എ. എസ് . അക്കാദമി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള എന്ന സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ആസ്ഥാനമായുള്ള കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിക്ക് തിരുവനന്തപുരത്ത് പ്രധാന കേന്ദ്രവും പാലക്കാട്, കോഴിക്കോട്, ചെങ്ങന്നൂർ, കോന്നി എന്നിവിടങ്ങളിൽ ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച് (ഐ.സി.എസ്.ആർ.) പൊന്നാനിയിലും ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി സിവിൽ സർവ്വീസ് പരിശീലന കോഴ്സുകൾ നടത്തിവരുന്നു.

(ബി) നിലവിൽ മാനദണ്ഡങ്ങളൊന്നും നിശ്ചയിച്ചിട്ടില്ല. പ്രാദേശികമായ ആവശ്യകതയും അടിസ്ഥാന സൗകര്യങ്ങളുടെയും ഫണ്ടിന്റെയും ലഭ്യതയുമനുസരിച്ചാണ് പൊതുവിൽ സിവിൽ സർവ്വീസ് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നത്.

(സി) ഇതുസംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

വയനാട് ജില്ലയിൽ കർഷകനെ ജയിലിലടച്ച സംഭവം

25 (29) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വായ്പകുടിശ്ശിക മൂടങ്ങിയതിന്റെ പേരിൽ വയനാട് ജില്ലയിൽ കർഷകനെ ജയിലിലടച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കർഷകനെതിരെ കോടതിയിൽ തെറ്റായ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരത്തിൽ റിപ്പോർട്ട് നൽകിയ ബാങ്ക് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. വയനാട് ജില്ലയിലെ സുൽത്താൻബത്തേരി താലൂക്കിൽ മുള്ളയാനിക്കൽ വീട്ടിൽ മാധവൻ മകൻ ശ്രീ. സുകുമാരൻ എം.എം. എന്ന വ്യക്തി, സൗത്ത് മലബാർ ഗ്രാമീൺ ബാങ്കിൽ (നിലവിൽ കേരള ഗ്രാമീൺ ബാങ്ക്) നിന്നും

LIBRARY ARCHIVES Kerala Legislative Assembly